# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാമാക്ഷി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1256/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 20/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാമാക്ഷി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1256/2023 തീയ്യതി: 20/12/2023

## ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2022 മുതൽ 26-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 02-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2023 | 02-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു,ഓഡിറ്റ് ഓഫീസർ
ശ്രീ കൃഷ്ണദാസ് എൻ.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷേർളി ജോസഫ് | പ്രസിഡന്റ് | 01-04-2022 | 23-08-2022 |
| ശ്രീ തോമസ് ജോസഫ് | പ്രസിഡന്റ് | 24-08-2022 | 11-09-2022 |

| | | | |
|---|---|---|---|
| ശ്രീമതി അനുമോൾ ജോസ് | പ്രസിഡന്റ് | 12-09-2022 | 31-03-2023 |
| ശ്രീമതി സബൂറ ബീവി എസ് | സെക്രട്ടറി | 01-04-2022 | 24-05-2022 |
| ശ്രീമതി ജയ കെ.ബി, അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-05-2022 | 03-07-2022 |
| ശ്രീമതി സബൂറ ബീവി എസ് | സെക്രട്ടറി | 04-07-2022 | 21-09-2022 |
| ശ്രീമതി ജയ കെ.ബി, അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-09-2022 | 01-10-2022 |
| ശ്രീ വിജയൻ എം | സെക്രട്ടറി | 02-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി ജയ കെ.ബി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ എൽദോ സൈമൺ | അസി.എഞ്ചിനിയർ | 01-04-2022 | 04-09-2022 |
| ശ്രീമതി ചിത്രലേഖ ജി | അസി.എഞ്ചിനിയർ | 05-09-2022 | 12-10-2022 |
| ശ്രീമതി ഗീതു മരിയ ജോസഫ് | അസി.എഞ്ചിനിയർ | 13-10-2022 | 31-03-2023 |
| ശ്രീ എസ്.ഡി അയ്യപ്പ ദാസ് | മെഡിക്കൽ ഓഫിസർ എഫ്.എച്ച്.സി | 01-04-2022 | 19-05-2022 |
| ശ്രീമതി ജിൻസി ജോസ് | മെഡിക്കൽ ഓഫിസർ എഫ്.എച്ച്.സി | 20-05-2022 | 31-03-2023 |
| ശ്രീമതി പ്രിൻസി വർഗീസ് | മെഡിക്കൽ ഓഫിസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.മുത്തുരാജ് ആർ | വെറ്ററിനറി സർജൻ | 01-04-2022 | 18-03-2023 |
| ഡോ.ധനീഷ് കൃഷ്ണാൽ | വെറ്ററിനറി സർജൻ | 19-03-2023 | 31-03-2023 |
| ശ്രീമതി രശ്മി വിജയൻ | കൃഷി ഓഫീസർ | 01-04-2022 | 03-08-2022 |
| ശ്രീ സോജി തോമസ് | കൃഷി ഓഫീസർ | 04-08-2022 | 31-03-2023 |
| ശ്രീ വനീത് സി.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ പാംഗ്രേഷ്യസ് കെ.സി | ഹെഡ് മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീ കുമാരൻ ടി | ഹെഡ് മാസ്റ്റർ | 01-07-2022 | 31-03-2023 |
| ശ്രീമതി ഇന്ദുലേഖ ടി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 06-11-2022 |
| ശ്രീമതി നിജാമോൾ എം.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-11-2022 | 31-03-2023 |
| ശ്രീ ബിജുമോൻ എബ്രാഹം | വി ഇ.ഒ -1 | 01-04-2022 | 30-07-2022 |
| ശ്രീ സാജു പി.യു | വി ഇ.ഒ -1 | 31-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി അമ്പിളി പി.കെ | വി.ഇ.ഒ-2 | 01-04-2022 | 31-03-2023 |
| ശ്രീമതി ലിന്റു മെറിൻ ഷാജി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട ഡിമാൻഡ് രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-5 |
| 7 | ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഗ്രാന്റ് വിനിയോഗം | 1-3 |
| 10 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 13 | ക്ഷേമ പെൻഷനുകൾ | 1-6 |
| 14 | ക്യാഷ് പരിശോധന | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | തനത് വിഭവ സമാഹരണം - അവലോകനം | 1-9 |
| 17 | വസ്തു നികുതി നിർണയത്തിലെ അപാകത | 1-10 |
| 18 | നികുതി നിരക്ക് ലൈസൻസിലെ ഉപയോഗക്രമത്തിനനുസരിച്ച് നിർണയിച്ചിട്ടില്ല | 1-11 |
| 19 | അനധികൃത നിർമാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല | 1-12 |
| 20 | ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല | 1-13 |
| 21 | വാടക ഈടാക്കിയില്ല | 1-14 |
| 22 | കാലി വീപ്പ വില ക്രമീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 1-15 |
| 23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിച്ചിട്ടില്ല | 1-16 |
| 24 | എസ്.ടി. ഫണ്ട് വിനിയോഗിച്ചിട്ടില്ല | 1-17 |
| 25 | ആശ്രയ ഫണ്ട് കുടുംബശ്രീക്ക് കൈമാറാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 1-18 |
| 26 | ബയോബിൻ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-19 |
| 27 | സുവർണ്ണ ഭവനം പദ്ധതി പൂർത്തീകരിച്ചില്ല | 1-20 |
| 28 | പച്ചതുരുത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-21 |

| | | |
|---|---|---|
| 29 | കർഷകർക്ക് തുരിശും കുമ്മായവും വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 30 | തേനീച്ച വളർത്തൽ പദ്ധതി - നിർവഹണത്തിലെ അപാകതകൾ | 1-23 |
| 31 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പാലിന് സബ്സിഡി അനുവദിച്ചു | 1-24 |
| 32 | കോക്ലിയാർ ഇംപ്ലാന്റേഷൻ - വിനിയോഗ വിവരം ലഭ്യമല്ല | 1-25 |
| 33 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി | 1-26 |
| 34 | അനുപൂരക പോഷകാഹാര വിതരണം - ന്യൂട്രിമിക്സ് വിതരണത്തിന് ജി.എസ്.ടി. അനുവദിച്ചു | 1-27 |
| 35 | ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റ പണി - അപാകതകൾ | 1-28 |
| 36 | കൊച്ചു കാമാക്ഷി കുഴിക്കാട്ട് കുടിവെള്ള പദ്ധതി - കുളം നിർമ്മാണം പൂർത്തിയാക്കാതെ പമ്പിംഗ് മെയിൻ പൈപ്പ് സ്ഥാപിച്ചു | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, 2011 KSAD ഓഡിറ്റ് മാനവൽ ചാപ്ററർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.07.2023-ലെ 1(1) നം. കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

തീ. 20.12.2023 ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിൽ റേഷ്യോസ് (അടിസ്ഥാന അനുപാതങ്ങൾ) സെക്രട്ടറിയുടെ കുറിപ്പുകൾ, ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ ₹46,15,482/- ആണ്. എന്നാൽ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക ₹96,32,092/- ആണ്.

1-1-3 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2022 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ മുതലായവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ വ്യക്തതയില്ല. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 1-8 കാണുക.

1-1-5 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട ഡിമാൻഡ് രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

സ്ഥാപനം ലെഡ്ജർ ബാലൻസുകളും അതത് ശീർഷകവുമായി ബന്ധപ്പെട്ട ഡിമാൻഡ് രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-6 ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 08/03/2022ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 22/03/2022ലെ 1 (1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23-ലെ ബജറ്റ് | 2022-23- ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 08/03/2022ലെ 1-ാം നമ്പർ തീരുമാനം | 15/03/2023ലെ 1-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 22/03/2022ലെ 1(1)-ാം നമ്പർ തീരുമാനം | 22/03/2023ലെ 1-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹3592622/- | ₹8722568/- |
| വരവ് | ₹256947380 /- | ₹217294400/- |
| ആകെ വരവ് | ₹26054002/- | ₹226016968/- |
| ആകെ ചെലവ് | ₹259521880/- | ₹222007800/- |
| മിച്ചം | ₹1018122/- | ₹4009168/- |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 0 | 16394000 | 16394000 | 15006346 | 0 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 1588000 | 1588000 | 1588000 | 0 |
| വികസന ഫണ്ട്-റ്റി.എസ്.പി. | 0 | 120000 | 120000 | 120000 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 14662000 | 14662000 | 14661516 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 5262000 | 5262000 | 5104264 | 0 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ് ) | 902672 | 2972015 | 3874687 | 2318088 | 1556599 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | 3778006 | 4276000 | 8054006 | 6210628 | 1843378 |
| ടോട്ടൽ സാനിറ്റേഷൻ (320100181) | 656149 | 3634 | 659783 | 0 | 659783 |
| മഴക്കാല പൂർവ്വ ശുചീകരണം (320100182) | 0 | 2991 | 2991 | 2991 | 0 |
| പകർച്ചവ്യാധി നിയന്ത്രണം (320100195) | 204 | 0 | 204 | 0 | 204 |
| ഐ.സി.ഡി.എസ് (320100196) | 654870 | 1443176 | 2098046 | 0 | 2098046 |
| ശുചിത്വ മിഷൻ ഗ്രാന്റ് (320100198) | 82272 | 9280 | 91552 | 0 | 91552 |
| ഹെൽത്ത് ഗ്രാന്റ് (320100202) | 0 | 268341 | 268341 | 0 | 268341 |
| ഹെൽത്ത് ഗ്രാന്റ് (320100204) | 0 | 136927 | 136927 | 0 | 136927 |
| പട്ടികജാതി വകുപ്പ് (320200213) | 100000 | 0 | 100000 | 0 | 100000 |
| പട്ടികവർഗ്ഗ വകുപ്പ് (320200214) | 300000 | 0 | 300000 | 0 | 300000 |
| വിമുക്തി (320200301) | 18870 | 0 | 18870 | 0 | 18870 |
| എം.എൽ.എ ഫണ്ട് (320200399)* | 207666 | 38020 | 245686 | 0 | 245686 |
| ബയോ ഡൈവേഴ്സിറ്റി മാനേജ്മന്റ് (320300199)** | 18104 | 302487 | 320591 | 0 | 320591 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 0 | 424 | 424 | 424 | 0 |

* എം.എൽ.എ ഫണ്ട് (320200399) ഇനത്തിലെ ആകെ വരവ് വാതിൽ പടി സേവനം ഇനത്തിൽ വരവ് വന്ന

തുകയാണ്.

** പലിശ ഉൾപ്പടെയുള്ള തുകയാണ് വരവായി ചേർത്തിട്ടുള്ളത്, ലൈഫ് മിഷൻ സംസ്ഥാന വിഹിതം ₹1,00,000/- 31.03.2023യിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക ₹ |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 624214 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1314000 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 41849 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14667 |

2) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഇനത്തിലെ നീക്കിയിരിപ്പ് ₹37,78,006/-യും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഇനത്തിലെ നീക്കിയിരിപ്പ് ₹9,02,672/-യുമാണ്. AFS പ്രകാരമുള്ള തൻവർഷ വരവ് ചെലവുകളാണ് ഖണ്ഡിക 1-3ലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ILGMS, ബാങ്ക് സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖാ ചെലവ് പത്രിക, എന്നിവ പ്രകാരമുള്ള വരവ് ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ILGMS പ്രകാരം ₹ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ₹ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ₹ | സുലേഖ ചെലവ് പത്രിക പ്രകാരം ₹ |
|---|---|---|---|---|
| മുന്നിരിപ്പ് | 4680678 | 4923807 | 0 | - |
| അലോട്ട്മെന്റ്/വരവ് | 7248015 | 7248015* | 8958606 | 12945907 |
| ആകെ | 11928693 | 12171822 | 8958606 | 12945907 |
| ചെലവ് | 8528716 | 6959463 | 9605854 | 9605854 |
| നീക്കിയിരിപ്പ് | 3399977 | 5212359 | -647248 | - |

* ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവായി രേഖപ്പെടുത്തിയിട്ടുള്ളത് പലിശയിനത്തിൽ വരവ് വന്നിട്ടുള്ള ₹1,21,015/- കൂടെ ഉൾപ്പെടെയുള്ളതാണ്.

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 168 | 85906418 | 147 | 52978920 | 21 | 87.50 |

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയ്ക്ക് 2023 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ തൻ വർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 83.33 | 2581599 | 2023899 | 78.39 |
| വെറ്ററിനറി സർജൻ | 4 | 4 | 100 | 609128 | 609127 | 99.99 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 10 | 7 | 70 | 2210001 | 1655197 | 74.89 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 100 | 230000 | 230000 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 3 | 3 | 100 | 805105 | 794572 | 98.69 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 22 | 91.67 | 27258290 | 8498673 | 31.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 100 | 4608502 | 4216043 | 91.48 |
| സെക്രട്ടറി | 29 | 21 | 72.41 | 11937067 | 6090193 | 51.02 |
| ഹെഡ്മാസ്റ്റർ | 6 | 5 | 83.33 | 193000 | 150150 | 77.79 |
| അസി. എഞ്ചിനീയർ | 65 | 59 | 90.76 | 30887356 | 24161128 | 78.22 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 3350000 | 3350000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 100 | 1236370 | 1199938 | 97.05 |
| ആകെ | 168 | 147 | 87.5 | 85906418 | 52978920 | 61.67 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39 | 1892419 | 1892458 | 1892458 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 65681804 | 65681804 | | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 7200 | 6 |
| വാർദ്ധക്യകാല പെൻഷൻ | 15898000 | 1477 |
| കർഷക തൊഴിലാളി പെൻഷൻ | 6383800 | 560 |
| വിധവ പെൻഷൻ | 6759600 | 617 |

| | | |
|---|---|---|
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 206800 | 18 |
| വികലാംഗപെൻഷൻ | 3656800 | 318 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,633/- (ആയിരത്തി അറുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നീ ഇനങ്ങളിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടുപോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ

രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, ക്ഷീര കർഷകർക്ക് ഇൻസെന്റീവ് എന്നീ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2020-21 വർഷം ലഭിച്ചിട്ടുള്ള ₹5,50,000/- നാളിതുവരെയും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. 2017-18 വർഷം എസ്.ടി. വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള ₹4,00,000/-യും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്ന വന്നിട്ടില്ല.

## 1-9 തനത് വിഭവ സമാഹരണം - അവലോകനം

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളേപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണ സമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണ സമിതി യോഗത്തിൽ വെയ്ക്കേണ്ടതാണ് [2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 60].

*നികുതി നികുതിയേതര വരുമാ നങ്ങൾ*

എ) തൊഴിൽ നികുതി

തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/2017-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ഭേദഗതി ചെയ്ത ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ

ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

സി) വസ്തു നികുതി

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷ കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023ലെ സ.ഉ.(അച്ചടി) 25/2023/LSD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 29/05/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 2(1) നമ്പർ തീരുമാനപ്രകാരം താത്കാലികമായി നിശ്ചയിച്ചിട്ടുണ്ട്.

പരിഷ്കരിച്ച വസ്തു നികുതി സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ം/പുനർ നിർണ്ണയ ം

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ

നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കാലികമാക്കേണ്ടതാണ്. തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതുമാണ്.

വിനോദ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി. വി. നെറ്റ്വർക്ക്, പ്രദർശന വിപണന മേളകൾ, വിനോദ സഞ്ചാര സാധ്യതകളായ സിപ്പ് ലൈൻ (റോപ്പ്‌വേ) എന്നിവയുടെ സാധ്യതകൾ ഉണ്ടെങ്കിൽ ആയവ പരിശോധിച്ച് വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾക്കായി സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

ഉത്തരവാദി ത്ത ടൂറിസം

ടൂറിസത്തിന്റെ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്ര സമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സമൂഹത്തിന്റെ ജീവിതാവസ്ഥകളെ അത്ഭുതകരമാം വിധം മെച്ചപ്പെടുത്തി എന്നതാണ് ഏറ്റവും ശ്രദ്ധേയമായ വസ്തുത. പഞ്ചായത്തിൽ ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങൾ നിലവിലുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ ഖ. 8.15ൽ നിർദ്ദേശിക്കുന്ന പ്രകാരം വിനോദ സഞ്ചാര മേഖലകൾ വികസിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-10 വസ്തു നികുതി നിർണയത്തിലെ അപാകത

13/11/2017ലെ നമ്പർ എ2-ബിഎ(88286)/2017 പ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ (എ2) വിനിയോഗത്തിൽ പെർമിറ്റ് നേടിയ 6 കെട്ടിടങ്ങൾക്ക് 2022-23ൽ ചുവടെ ചേർത്തിട്ടുള്ള പ്രകാരം കെട്ടിട നമ്പറുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.



| വാർഡ് നം. | വാർഡ് | കെട്ടിട നം. | ഉപ നം. | കെട്ടിട ഉടമസ്ഥൻ | നിലവിലെ ഉപയോഗ ക്രമം | വിസ്തീർണം | നിലവിലെ നികുതി നിരക്ക് |
|---|---|---|---|---|---|---|---|
| 9 | കാൽവരി മൗണ്ട് | 48 | P | സിബി സ്കറിയ, സജീവ് സണ്ണി, രാജീവ് സണ്ണി, എൻ. ജെ. വർഗ്ഗീസ് ബേസിൽ | റെസിഡൻഷ്യൽ ഫ്ലാറ്റ് | 61.06 | 6 |
| | | 48 | E | | | 60.16 | |
| | | 48 | F | | | 69.35 | |
| | | 48 | G | | | 51.76 | |
| | | 48 | H | | | 50.61 | |
| | | 48 | I | | | 77.64 | |
| | | 48 | J | | | 81.33 | |
| | | 48 | K | | | 51.76 | |
| | | 48 | L | | | 61.06 | |
| | | 48 | M | | | 77.64 | |
| | | 48 | N | | | 81.33 | |
| | | 48 | O | | | 51.76 | |
| | | | | | | 775.46 | |

വസ്തു നികുതി നിർണയ രേഖകൾ പ്രകാരം മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് റെസിഡൻഷ്യൽ ഫ്ളാറ്റ് എന്ന വിനിയോഗത്തിലാണ് നികുതി നിർണയിച്ചിട്ടുള്ളത്. സ്പെഷ്യൽ റെസിഡൻഷ്യൽ (എ2) വിനിയോഗത്തിലാണ് കെട്ടിടത്തിന്റെ പൂർത്തീകരണമെന്ന് അസിസ്റ്റന്റ് എൻജിനീയറുടെ പരിശോധന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയലിൽ കെട്ടിട ഉടമസ്ഥൻ പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം സമർപ്പിക്കേണ്ട പൂർത്തീകരണ റിപ്പോർട്ട് (അപ്പന്റിക്സ് ഇ-1) ലഭ്യമല്ല. അപ്പന്റിക്സ് എഫ്.2-വിൽ സെക്രട്ടറി നൽകേണ്ട ഒക്യുപൻസി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. സ്പെഷ്യൽ റസിഡൻഷ്യൽ (എ2) വിനിയോഗത്തിൽ ഉപവിഭാഗങ്ങളിൽ റെസിഡൻഷ്യൽ ഫ്ലാറ്റ് ഉൾപ്പെടുന്നില്ല ആയത് എ-1 വിനിയോഗത്തിന്റെ ഉപവിഭാഗമാണ്. 30/11/2023ന് നേരിട്ട് നടത്തിയ സ്ഥല പരിശോധനയിലും കെട്ടിടം സ്പെഷ്യൽ റസിഡൻഷ്യൽ (എ2) വിനിയോഗത്തിൽപ്പെടുന്ന ടൂറിസ്റ്റ് ഹോം/ലോഡ്ജാണെന്ന് ബോധ്യമായി. വസ്തു നികുതി കുറവായി നിർണയിച്ചതിന്റെ വിശദീകരണം/രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 18/തീ. 01/12/2023) മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമം കൃത്യമാക്കി വസ്തു നികുതി പുനർ നിർണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 നികുതി നിരക്ക് ലൈസൻസിലെ ഉപയോഗക്രമത്തിനനുസരിച്ച് നിർണയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയറും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകളും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്കിൽ നിന്നും വ്യത്യസ്ഥമായി അടിസ്ഥാന വസ്തു നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നമ്പർ | ഉപയോഗ ക്രമം | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | വിസ്തീർണം (ച.മീ) |
|---|---|---|---|---|---|---|
| 1 | ഷൈനി ചാണ്ടി | 11/35 | ഷോപ്പ് | 7 | 40 | 102.2 |
| 2 | ചാണ്ടി ജോസഫ് | 11/49 | ഷോപ്പ് | 7 | 40 | 70 |
| 3 | സജി എ.റ്റി. | 11/34 | ഷോപ്പ് | 7 | 40 | 47 |
| 4 | അലക്സാണ്ടർ തോമസ് | 14/37 | ഷോപ്പ് | 7 | 40 | 45 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.04/തീ.29/11/2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസരിച്ചാണോ അടിസ്ഥാന നികുതി നിരക്ക് നിർണയിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-12 അനധികൃത നിർമാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല

| | |
|---|---|
| കെട്ടിട നമ്പർ | 12/252/A (താഴത്തെ നില) |
| കെട്ടിട ഉടമസ്ഥ | മദർ സൂപ്പീരിയർ |
| താഴത്തെ നിലയുടെ വിസ്തീർണം | 481.29 ച.മീ |
| സ്ഥാപനത്തിന്റെ പേര് | സാന്റാ മരിയ നേച്ചർ ക്യൂർ ഹോസ്പിറ്റൽ |



വസ്തു നികുതി നിർണ രേഖകൾ പ്രകാരം മേൽ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ വസ്തു നികുതി 12/252/A എന്ന കെട്ടിട നമ്പരിൽ ഈടാക്കി വരുന്നുണ്ട്. എന്നാൽ നിലവിൽ കെട്ടിടത്തിന്റെ മുകളിലെ നിലയുടെ നിർമാണവും പൂർത്തിയാക്കിയ നിലയിൽ കാണപ്പെടുന്നുണ്ടെങ്കിലും പ്രസ്തുത ഭാഗത്തിന് വസ്തു നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. പ്രസ്തുത നിലയുടെ നിർമാണത്തിനുള്ള കെട്ടിട നിർമാണ പെർമിറ്റ് എടുത്തതിന്റെ വിശദാംശങ്ങളും, വസ്തു നികുതി നിർണയിച്ചതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/തീ. 29.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത അനധികൃത നിർമാണത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച്/ക്രമവത്കരിച്ച് വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല

ഹോം സ്റ്റേ/റിസോർട്സ് ഓണേഴ്സ് അസോസിയേഷൻ നല്കിയ പരാതിയെ തുടർന്ന് ഗ്രാമപഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

1. മിസ്റ്റി മൗണ്ട് എട്ടാം മൈൽ.

2. ഹിൽ റോക്ക് ഹോം സ്റ്റേ.

3. ജോയി, ഓലിക്കുന്നേൽ വക കെട്ടിടം, കാൽവരിമൗണ്ട്.

4. മിറോഷ്, കാൽവരിമൗണ്ട്.

5. മലബാർ ഹൗസ്, അൽഫോൻസ നഗർ.

23/12/2022ലെ 23/1 നമ്പർ തീരുമാന പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള തുടർ നടപടിയുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/തീ: 01/12/2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വാടക ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകക്ക് നൽകിയിട്ടുള്ള താഴെപ്പറയുന്ന മുറികയുടെ വാടക പൂർണമായി ഈടാക്കിയിട്ടില്ല. വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിടം | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക+ജി.എസ്.ടി | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | ബസ് സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സ് | കെ.എസ് മോഹനൻ | 3255+293+293 | 09/2022 മുതൽ 03/2023 വരെ |
| 2 | പഴയ പഞ്ചായത്ത് കെട്ടിടം | ഷൈനി | 2140+193+193 | 10/2022 മുതൽ 03/2023 വരെ |

വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/തീ. 30.11.2023) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക പിഴ പലിശ സഹിതം പൂർണമായി ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 കാലി വീപ്പ വില ക്രമീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്യുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ(പി)177/06 /ധനം./തീ. 12.04.2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് 30.10.2007ലെ 59827/എഫ്.എം /07/തസ്വഭവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 വർഷം വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്& പ്രോജക്ട് നം | ബിൽ നം/തീയതി | തുക(₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക(₹) |
|---|---|---|---|
| പാണ്ടിപ്പാറ ടൂറിസ്റ്റ് പാറ റോഡ് (149/23) | 22101252014001448421/ 23.03.23 | 500000 | 19670 |
| കാൽവരി മൗണ്ട് പള്ളിസിറ്റി നരിമറ്റം പടി റോഡ്( 124/23) | 22101252014001232113/ 23.02.23 | 199669 | 2528 |
| ആകെ | | | 22198 |

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കുറവ് ചെയ്ത് ഗ്രാമ പഞ്ചായത്തിന്റ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ₹22,198/- ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിച്ചിട്ടില്ല

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ക്ഷീര കർഷകർക്കുള്ള ഇൻസെന്റീവ് എന്നീ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള ₹5,50,000/- നാളിതുവരെയും വിനിയോഗിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നം./തീയതി | പദ്ധതിയുടെ പേര് | തുക(₹) |
|---|---|---|
| 120020900057/9.10.20 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 |
| 120020900057/9.10.20 | ക്ഷീര കർഷകർക്കുള്ള ഇൻസെന്റീവ് | 400000 |
| | ആകെ | 5,50000 |

പദ്ധതി തുക വിനിയോഗിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീ. 30.11.2023)

മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ബ്ലോക്ക് വിഹിതം വിനിയോഗിക്കുകയോ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

1-17 എസ്.ടി. ഫണ്ട് വിനിയോഗിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം എസ്.ടി വകുപ്പിൽ നിന്നും ഗ്രാമ പഞ്ചായത്തിന് പദ്ധതി പ്രവർത്തനങ്ങൾക്കായി ₹4,00,000/- ലഭ്യമായിട്ടുണ്ടെങ്കിലും പ്രസ്തുത തുക നാളിതുവരെയും വിനിയോഗിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നം./തീയതി | പദ്ധതിയുടെ പേര് | തുക(₹) |
|---|---|---|
| 117020900023/31.03.18 | ലഭ്യമല്ല | ₹3,00,000/- |
| 117020900024/31.03.18 | ലഭ്യമല്ല | ₹100000/- |
| | ആകെ | ₹400000/- |

പദ്ധതി തുക വിനിയോഗിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീ. 30.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കുകയോ എസ്.ടി. വകുപ്പിലേക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

1-18 ആശ്രയ ഫണ്ട് കുടുംബശ്രീക്ക് കൈമാറാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

2021-22 വർഷം കുടുംബശ്രീ മിഷനിൽ നിന്നും ആശ്രയ പദ്ധതിക്കായി ലഭിച്ച ₹1,00,000/- കുടുംബശ്രീക്ക് കൈമാറാതെ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നം./തീയതി | തുക | അക്കൗണ്ട് നം. |
|---|---|---|
| 121020900028/11.8.2021 | ₹100000/- | യൂണിയൻ ബാങ്ക് – 427702010020208 |

ആശ്രയ പദ്ധതിക്കായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച ₹1,00,000/- കുടുംബശ്രീക്ക് കൈമാറേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീ. 30.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 ബയോബിൻ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ഗാർഹിക ഗുണഭോക്താക്കൾക്ക് പോർട്ടബിൾ ബയോകമ്പോസ്റ്റർ ബിൻ നല്കുന്നതിനായി വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം തൻവർഷം 277 ബയോബിന്നുകൾ റെയ്ഡ്കോയിൽ നിന്നും സമാഹരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. നിലവിൽ 25 ബയോബിന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിവരം

| | |
|---|---|
| പ്രോജക്ട് നം., പേര് | 110/2023,<br>പോർട്ടബിൾ ബയോകമ്പോസ്റ്റർ ബിൻ വിതരണം |
| അടങ്കൽ തുക, ഫണ്ടിനം | ₹5,98,763<br>(ധനകാര്യ കമ്മിഷൻ അവാർഡ് = ₹538887+<br>ഗുണഭോക്തൃ വിഹിതം = ₹59876) |
| ചെലവ് തുക | ₹4,02,931 |

| | |
|---|---|
| | (ധനകാര്യ കമ്മീഷൻ അവാർഡ് = ₹362638+<br>ഗുണഭോക്തൃ വിഹിതം = ₹40293) |
| സ്ഥാപനം | The Regional Agro Industrial Cooperative Of Kerala Ltd. (RAIDCO) |

ചെലവ് വിവരം

| ക്രമ നം | ഇൻവോയ്സ് നം., തിയതി | ബിൽ റിക്വി. നമ്പർ, തിയതി | തുക (₹) | ബയോ ബിന്നുകളുടെ എണ്ണം |
|---|---|---|---|---|
| 1 | TZA/969/2022-23/ 20.03.2023 | 5060200902220049/ 22.03.2023 | 335776 | 200 |
| 2 | TZA/1041/2022-23/ 28.03.2023 | 5060200902220061/ 30.03.2023 | 26862 | 40 |
| 3 | TZA/1041/2022-23/ 28.03.2023 | 5060200902220060 / 30.03.2023 (ഗുണഭോക്തൃ വിഹിതം) | 40293 | 0 |
| 4 | TZA/1047/2022-23/ 29.03.2023 | ഇൻവോയ്സ് പ്രകാരമുള്ള തുക ₹62118/- നൽകിയിട്ടില്ല | 0 | 37 |
| ആകെ | | | 402931 | 277 |

പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കാത്തതിലുള്ള സാഹചര്യവും, നിലവിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന 25 ബയോബിന്നുകൾ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങളും രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/തീ. 30.11.2023) ഗുണഭോക്തൃ വിഹിതം അടച്ച് ബയോബിന്നുകൾ കൈപ്പറ്റുന്നതിന് ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 25 ബയോബിന്നുകൾ വിതരണം നടത്തി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-20 സുവർണ്ണ ഭവനം പദ്ധതി പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഇടുക്കി ജില്ലാ പഞ്ചായത്തുമായി ചേർന്നുള്ള പദ്ധതിയായ സുവർണ്ണഭവനം പദ്ധതിയുടെ ഗുണഭോക്താവ് നിയമാനുസൃത കാലയളവിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | 204/2023, സുവർണ്ണ ഭവനം |
| അടങ്കൽ തുക, ഫണ്ടിനം | ₹4,00,000/- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് തുക | ₹40,000/- |
| ബിൽ നം., തിയതി | 22101252010801320927, തീ. 09.03.2023 |
| ഗുണഭോക്താവിന്റെ പേര്,<br>ബാങ്ക് അക്കൗണ്ട് വിവരം | ശ്രീ. കുഞ്ഞുമോൻ,<br>State Bank Of India ( SBIN0070027 ),<br>അക്കൗണ്ട് നം. 67185827282 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനും ബാക്കി തുക നിയമാനുസൃതം കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പ്രകാരം ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ വ്യവസ്ഥകൾ ഖണ്ഡിക 3, 4 എന്നിവ പ്രകാരം 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08/തീ. 30.11.2023) ഗുണഭോക്താവ് രോഗാവസ്ഥയിൽ ആയതിനാൽ സന്നദ്ധ പ്രവർത്തകരുടെ സേവനം തേടുകയും, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 പച്ചതുരുത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കരിക്കിന്മേട് ജി.എൽ.പി. സ്കൂൾ കോമ്പൗണ്ടിലെ 10 സെന്റ് സ്ഥലത്ത് പച്ചതുരുത്ത് സൃഷ്ടിക്കുന്നതിനാവശ്യമായ തൈകൾ വാങ്ങി നട്ട് പരിപാലിക്കുന്നതിനായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ചും, സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ./തീ. 28.05.2023 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെയും, സ.ഉ.(പി)നം. 259/2010 /ത.സ്വ.ഭ.വ./തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഖരേഖയിലെ സമാഹരണ നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിവരം

| | |
|---|---|
| പ്രോജക്ട് നം., പേര് | 188/2023,<br>കരിക്കിൻമേട് സ്കൂൾ പച്ചതുരുത്ത് പദ്ധതി |
| അടങ്കൽ തുക, ഫണ്ടിനം | ₹25,000/- (തനത് ഫണ്ട്) |
| ചെലവ് തുക | ₹25,000/- |
| തുക ലഭിച്ച വ്യക്തിയുടെ വിവരം | ശ്രീ. കുമാരൻ ടി., ഹെഡ്മാസ്റ്റർ<br>(IFSC-KLGB0040385/Ac. No. 40385101062788) |

ചെലവ് വിവരം

ബിൽ റിക്വി. നമ്പർ, തിയതി, തുക= 5060200201220022/ 28.03.2023, ₹25,000/-

| ക്രമ നം. | സ്ഥാപനം | ഇൻവോയ്സ് നം., തീയതി | സാധനം/ സേവനം | തുക (₹) |
|---|---|---|---|---|
| 1 | മെർട്ടിൽ അഗ്രി നഴ്സറി, ഉദയഗിരി | 321/30.08.2022 | ഫലവൃക്ഷ തൈകൾ | 14500 |
| 2 | പ്ലാങ്കര ഹാർഡ് വെയർ | 224/02.03.2023 | ഗ്രീൻ ഹോസ് | 4950 |
| 3 | ഉദയഗിരി സർവ്വീസ് സഹകരണ ബാങ്ക് | 392/24.03.2023 | വളം | 3780 |
| 4 | ബിജു തോമസ് | കൈപ്പറ്റ് രശീത് തിയതി 24.03.2023 | കൂലി | 3000 |
| | | ആകെ | | 26230 |

പദ്ധതി നിർവ്വഹണത്തിലെ അപാകത

1) കൃഷി ഓഫീസർ നേരിട്ട് നിർവ്വഹിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും സ്കൂൾ പ്രധാന അദ്ധ്യാപകനാണ് സാധന സേവന സമാഹരണം നടത്തി പ്രവർത്തി നടത്തിയിട്ടുള്ളത്. പ്രവർത്തി പൂർത്തീകരിച്ച് ബിൽ സഹിതം 24.03.2023ന് തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിന്റെ അടിസ്ഥാനത്തിൽ പ്രധാന അദ്ധ്യാപകന്റെ അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

2) പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ₹5,000/- മുതൽ ₹25,000/- വരെ മതിപ്പുവിലയുള്ള

വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കാവുന്നതും കുറഞ്ഞത് 3 ക്വട്ടേഷനുകൾ ലഭ്യമാകേണ്ടതുമാണെന്ന് നിർദ്ദേശിക്കുകയും ആയതിലേക്ക് 7 ദിവസത്തെ പരസ്യത്തിനുള്ള സമയം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സാധന സമാഹരണത്തിൽ പാലിച്ചില്ല.

3) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.6 പ്രകാരം MGNREGS തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിൽ ഘടകത്തിനുള്ള വിഹിതം കണ്ടെത്തണം എന്ന് വ്യവസ്ഥയുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

4) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.6 പ്രകാരം മൂന്ന് വർഷത്തെ പരിപാലനം ഉറപ്പുവരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരിപാലനത്തിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 09/തീ. 30.11.2023). മേൽ അപാകതകൾക്കുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുംവരേയ്ക്കും ചെലവ് തുക ₹25,000/- തടസ്സത്തിൽ വെയ്ക്കുന്നു.

1-22 കർഷകർക്ക് തുരിശും കുമ്മായവും വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

കർഷകർക്ക് തുരിശും കുമ്മായവും വിതരണത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി വിജ്ഞാപനം ചെയ്ത ഇ-ടെണ്ടറിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല, കുമ്മായം സമാഹരിച്ചത് യൂണിറ്റ് കോസ്റ്റിലും അധികരിച്ചാണ്. കോപ്പർ സൾഫേറ്റ് അഥവാ തുരിശ് വിതരണത്തിന് സർക്കാർ അംഗീകാരം ലഭ്യമായില്ല, പുനർ നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റ് വിവരം ലഭ്യമാകാതെ സമാഹരണം നടത്തിയത് മൂലം ₹25,800/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് വിവരം

| | |
|---|---|
| പ്രോജക്ട് നം., പേര് | 159/2023,<br>കർഷകർക്ക് തുരിശും കുമ്മായവും വിതരണം |
| അടങ്കൽ തുക, ഫണ്ടിനം | ₹16,40,000/-<br>(വികസന ഫണ്ട് ജനറൽ= ₹8,20,000+<br>ഗുണഭോക്തൃ വിഹിതം = ₹8,20,000) |
| ചെലവ് തുക | ₹14,01,800/-<br>(വികസന ഫണ്ട് ജനറൽ= ₹7,00,900+<br>ഗുണഭോക്തൃ വിഹിതം = ₹7,00,900) |
| തുക ലഭിച്ച<br>വ്യക്തിയുടെ വിവരം | ഗ്രീൻ അഗ്രിക് ഏജൻസീസ്,<br>അടൂർ, പത്തനംതിട്ട,<br>SBIN0070846/67335368670 |

ബി) ചെലവ് വിവരം

| ക്രമ നം. | ബിൽ നമ്പർ, തീയതി, തുക | ഇൻവോയ്സ് നം.,<br>തീയതി | സാധനം<br>(1 കി.ഗ്രാം) | എണ്ണം X നിരക്ക്(₹)<br>= തുക (₹) |
|---|---|---|---|---|
| 1 | 22101252011301539548/<br>28.03.2023/ ₹2,93,400 | B0381/23.03.2023 | കോപ്പർ സൾഫേറ്റ് | 1800 X₹300 = ₹5,40,000 |
| 2 | 5060200201220026/<br>30.03.2023/ ₹2,93,400 | B0382/23.03.2023 | കുമ്മായം | 1800 X₹26 = ₹46,800 |
| 3 | 22101252011301348506/<br>14.03.2023/ ₹3,75,000 | B0365/13.03.2023 | കോപ്പർ സൾഫേറ്റ് | 1250 X₹300 = ₹3,75,000 |
| 4 | 5060200201220015/<br>28.03.2023/ ₹3,75,000 | B0366/13.03.2023 | കോപ്പർ സൾഫേറ്റ് | 1250 X₹300 = ₹3,75,000 |
| 5 | 22101252011301520088/<br>28.03.2023/ ₹32,500 | B0367/13.03.2023 | കുമ്മായം | 2500 X₹26<br>= ₹65,000 |
| 6 | 5060200201220018/<br>28.03.2023/ ₹32,500 | | | |

സി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) കൃഷി ഓഫീസർ ഹാജരാക്കിയ ടെണ്ടർ രേഖകൾ പ്രകാരം ടെണ്ടർ റഫറൻസ് നം. KBK05(159)-2022, ടെണ്ടർ ഐ.ഡി.-2023-AGRI-545838-2 എന്നിങ്ങനെയാണ്. പ്രസ്തുത ടെണ്ടർ വിശദാംശങ്ങൾ Www.etenders.kerala.gov.in, Www.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ തിരച്ചിൽ നടത്തിയതിൽ മേൽ പരാമർശിച്ച ടെണ്ടർ കാണുവാൻ സാധിച്ചില്ല. ആയതിനാൽ ധനകാര്യ വകുപ്പിന്റെ 30-04-2015-ലെ ജി.ഒ.(പി)1288/2015 നമ്പർ ഉത്തരവ് അനുസരിച്ച്, 5 ലക്ഷത്തിന് മുകളിൽ അടങ്കൽ വരുന്ന പ്രസ്തുത സമാഹരണത്തിന് ഇ-ടെണ്ടർ രീതിയാണ് അവലംബിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിന് കഴിഞ്ഞില്ല.

2) ഇടുക്കി ജില്ലാ കളക്ടറുടെ 22.08.2022ലെ 677/2022/ഡി.പി.സി./ഡി.പി.ഒ./ഐ.ഡി.കെ. നമ്പർ ഉത്തരവ് പ്രകാരം കൃഷി/ മൃഗസംരക്ഷണം/ ക്ഷീര വികസനം/ മത്സ്യബന്ധനം എന്നീ മേഘലകളിൽ 2022-23 വർഷത്തെ സമാഹരണത്തിന് യൂണിറ്റ് കോസ്റ്റുകൾ പുനർ നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കുമ്മായത്തിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത് 1 കി.ഗ്രാമിന് ₹20/-യായാണ് എന്നിരിക്കെ ₹26/- നിരക്കിൽ 4300 കിലോഗ്രാം കുമ്മായം സമാഹരിച്ചിട്ടുള്ളത് ₹25,800/-യുടെ നഷ്ടത്തിന് ഇടയാക്കി. നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ₹25,800/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) സ.ഉ(കൈ)നം. 115/2022/തസ്വഭവ./തീ. 28.05.2023 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഭേദഗതി ഉത്തരവ് സ.ഉ(സാധാ)നം. 2164/2022/തസ്വഭവ./തീ. 02.09.2022 പ്രകാരം യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്ന ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ അനിവാര്യ സന്ദർഭത്തിൽ സമഗ്ര പരിപാടിയുടെ ഭാഗമായി രാസ കീടനാശിനികൾ, കുമിൾ നാശിനികൾ, കളനാശിനികൾ എന്നിവ നൽകാവുന്നതാണെന്നും പൊതുവിഭാഗം/ പട്ടികജാതി വിഭാഗത്തിന് 50%, പട്ടികവർഗ്ഗ വിഭാഗത്തിന് 100% എന്നിങ്ങനെ പരമാവധി സബ്സിഡി നല്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ അത്തരത്തിൽ അംഗീകാരം ലഭ്യമാക്കാതെയാണ് കുമിൾനാശിനിയായ കോപ്പർ സൾഫേറ്റ് ($CuSO_4$) അഥവാ തുരിശ് 4300 കി.ഗ്രാം സമാഹരിച്ച് വിതരണം നടത്തിയിട്ടുള്ളത്. കൂടാതെ ഇടുക്കി ജില്ലാ കളക്ടറുടെ 22.08.2022ലെ യൂണിറ്റ് കോസ്റ്റുകൾ പുനർ നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവിൽ 2022-23 വർഷത്തേയ്ക്കുള്ള സമാഹരണണത്തിന് കോപ്പർ സൾഫേറ്റിന് യൂണിറ്റ് കോസ്റ്റ് പുനർ നിശ്ചയിച്ചിട്ടുമില്ല.
കീടനാശിനി വാങ്ങി നൽകാൻ അംഗീകാരമില്ലാതെയും പുനർ നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റ് വിവരം ലഭ്യമാകാതെയും സമാഹരിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/തീ. 30.11.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിന് രേഖകൾ സഹിതം മതിയായ വിശദീകരണം ലഭ്യമാക്കുംവരേയ്ക്കും ₹12,90,000/- (4300 കി.ഗ്രാം X ₹300)ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 തേനീച്ച വളർത്തൽ പദ്ധതി - നിർവഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

തേനീച്ച വളർത്തൽ പദ്ധതിയിലൂടെ രണ്ട് സെറ്റ് വീതം തേനീച്ച കോളനിയുൾപ്പെടെ കൂടും സ്റ്റാന്റും 60

ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. ആയതിലേക്കായി Bee Box And Colony, Stand എന്നിവ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO) എന്ന സ്ഥാപനത്തിൽ നിന്നും സമാഹരണ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് സമാഹരിച്ച് വിതരണം ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് വിവരം

| | |
|---|---|
| പ്രോജക്ട് നം., പേര് | 157/2023,<br>തേനീച്ച വളർത്തൽ |
| അടങ്കൽ തുക, ഫണ്ടിനം | ₹3,60,000<br>(വികസന ഫണ്ട് ജനറൽ= ₹1,80,000+<br>ഗുണഭോക്തൃ വിഹിതം = ₹1,80,000) |
| ചെലവ് തുക | ₹2,40,500<br>(വികസന ഫണ്ട് ജനറൽ= ₹1,20,250+<br>ഗുണഭോക്തൃ വിഹിതം = ₹1,20,250) |
| ഗുണഭോക്തൃ / തുക ലഭിച്ച – വ്യക്തിയുടെ വിവരം | കേരള അഗ്രോ ഇൻഡസ്ട്രീസ് കോപ്പറേറ്റിവ് ലിമിറ്റഡ്(KAICO)<br>SBIN0070155/ 57069492988 |

ബി) ചെലവ് വിവരം

| ക്രമ നം | ബിൽ നമ്പർ, തിയതി, തുക | ഇൻവോയ്സ് നം., തിയതി | എണ്ണം X നിരക്ക്(₹) = തുക (₹) |
|---|---|---|---|
| 1 | 5060200201220019/<br>28.03.2023/ ₹37,000 | 306/29.03.2023 | 20x ₹1850 = ₹37,000 |
| 2 | 22101252011301519969/<br>28.03.2023/ ₹ 37,000 | 299/23.03.2023 | 20x ₹1850 = ₹37,000 |
| 3 | 5060200201220006/<br>06.03.2023/ ₹83250 | 224/27.02.2023 | 90x ₹1850 = ₹1,66,500 |
| 4 | 22101252011301295824/<br>06.03.2023/ ₹ 83250 | | |

സി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) തേനീച്ച വളർത്തൽ പദ്ധതിയുടെ ഭാഗമായുള്ള സാധന സമാഹരണം KAICO-യിൽ നിന്നും നേരിട്ട് സമാഹരിച്ചത് സ.ഉ.(പി)നം. 259/2010/ത.സ്വ.ഭ.വ/തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെയും സ.ഉ(പി)നം.03/2013/എസ്.പി.ഡി./തീ. 21.06.2013 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെയും വ്യവസ്ഥകളുടെ ലംഘനമാണ്. മത്സരാധിഷ്ഠിത സമാഹരണ നടപടിക്രമങ്ങൾ പാലിച്ചില്ല.

2) സ.ഉ(കൈ)നം. 115/2022/തസ്വഭവ./തീ. 28.05.2023 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഭേദഗതി ഉത്തരവ് സ.ഉ(സാധാ)നം. 2164/2022/തസ്വഭവ./തീ. 02.09.2022 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 6.1(കൃഷി)ലെ ക്രമ നം. 1 മുതൽ 5 വരെയുള്ള സാധനങ്ങളും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളും KAICO-യിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണെന്നും യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ KAICO മുഖേന നിർവ്വഹിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ തേനീച്ച വളർത്തൽ പദ്ധതിയുടെ ഭാഗമമായി സമാഹരിച്ചിട്ടുള്ള മേൽ പരാമർശിച്ചിട്ടുള്ള സാധനങ്ങൾ ആയതിൽ ഉൾപ്പെടുന്നില്ല.

3) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.32 പ്രകാരം തേനീച്ച വളർത്തലിന് ഗുണഭോക്താക്കൾക്ക് പരിശീലനം നൽകേണ്ടതാണെന്ന നിർദ്ദശം പദ്ധതി നിർവ്വഹണത്തിൽ പാലിച്ചില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/തീ. 30.11.2023) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ₹2,40,500/-ന്റെ ചെലവ്

തടസ്സപ്പെടുത്തുന്നു.

1-24 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പാലിന് സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം,പ്രോജക്ട് | നം. 97/23, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | ₹3350000/- |
| ചെലവ് | ₹3350000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (നം. 97/23) പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര് | ആധാർ നമ്പർ | ഐ.എഫ്.എസ്.സി കോഡ് | അക്കൗണ്ട് നമ്പർ | തുക ₹ |
|---|---|---|---|---|---|
| 1 | BENNY FRANCIS | 0053 | UNION BANK OF INDIA UBIN0542776 | 427702010004308 | 20246 |
| 2 | SALY ANIL | 5841 | UBIN0542776 | 427702120000166 | 4431 |
| 3 | LAISAMMA | 8755 | UBIN0567752 | 677502010003442 | 8104 |
| 4 | REJANI BABU | 3434 | UBIN0542776 | 427702010009199 | 4390 |
| ആകെ | | | | | 33220 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/തീ. 29/11/2023) ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ വ്യക്തികൾ ക്ഷീര സംഘങ്ങളുടെ പാലളവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും, യഥാർഥ ഗുണഭോക്താക്കളാണെന്ന ബോധ്യപ്പെട്ടതായും അവരെ കൂടി ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിന് കത്ത് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി കൈപ്പറ്റിയത് യഥാർഥ ഗുണഭോക്താക്കൾ തന്നെയാണെന്നുള്ള പഞ്ചായത്ത് സാധൂകരണം ലഭ്യമാക്കുന്നത് വരെ ₹33,220/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 കോക്ലിയാർ ഇംപ്ലാന്റേഷൻ - വിനിയോഗ വിവരം ലഭ്യമല്ല

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.02.2023ലെ DDP-IDK/10655/2022-C2 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോക്ലിയർ ഇംപ്ലാന്റേഷൻ (പ്രോജക്ട്നം. 186/23) എന്ന പദ്ധതിക്കായി ₹2,00,000/- വകയിരുത്തിയിരുന്നു. ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് ആയിരുന്നു പദ്ധതിയുടെ നിർവ്വഹണ ചുമതല. 10.02.23ലെ 1/3 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അലൻ റോജി ആവിമൂട്ടിൽ, മരിയ ആഗസ്റ്റി എന്നീ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റുകളുടെ അറ്റകുറ്റ പണികൾക്കായി ₹50,000/- വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷ മിഷനാണ് ബിൽ നം. 22101252010901321770/തീ. 09.03.2023 പ്രകാരം ₹1,00,000/- കൈമാറിയിട്ടുള്ളത്. പദ്ധതി തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ ₹1,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നം. | 88/2023 |
| പദ്ധതി അടങ്കൽ | ₹1500000/- (വികസന ഫണ്ട്-₹750000/-<br>ബ്ലോക്ക് പഞ്ചായത്ത്-₹375000/-; ജില്ലാപഞ്ചായതത്-₹375000/-) |
| പദ്ധതി ചെലവ് | ₹1211100/- |

1. സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധി ലംഘിച്ച് അധികം തുക നൽകി

സ്കോളർഷിപ്പ്, പഠന യാത്ര, പഠന ഉപകരണങ്ങൾ, വസ്ത്രം, യാത്ര ചെലവുകൾ എന്നിവ ഉൾപ്പെടെ മാനസിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്ക് ഒരു വർഷം അനുവദിക്കാവുന്ന പരമാവധി തുക ₹28,500/-യാണ്. സാന്ദ്ര സുരേഷ് എന്ന കുട്ടിക്ക് ₹34,500/- അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന് ₹65,00/-അധികം അനുവദിച്ചത് ക്രമ വിരുദ്ധമാണ്.

2. സ്കോളർഷിപ്പ് തുക യഥാർത്ഥ ചെലവിൽ പരിമിതപ്പെടുത്തിയിട്ടില്ല

പൈനാവിലുള്ള അമൽജ്യോതി സ്പെഷ്യൽ സ്കൂളിലെ ഹോസ്റ്റൽ സൗകര്യം പ്രയോജനപ്പെടുത്തി പ്രൈമറി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീ, പഠന ഉപകരണങ്ങൾ, പഠന യാത്ര, വസ്ത്രം എന്നിവയുൾപ്പെടെയുള്ള ആകെ ചെലവ് തുകയിൽ പരിമിതപ്പെടുത്താതെ പരമാവധി സ്കോളർഷിപ്പ് അനുവദിച്ചത് മൂലം അധികം തുക നൽകുവാനിടയായിട്ടുണ്ട്. സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ചെലവ് തുകയായ ₹12,500/-യും സ്കോളർഷിപ്പ് തുകയായ ₹12,000/- യും ഉൾപ്പെടെ അനുവദിക്കാവുന്ന തുക ₹24,500/- ആണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ചെലവ് തുക (₹) | രസീത് നം./തീയതി | നൽകിയ തുക(₹) | അനുവദിക്കാവുന്ന തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|---|---|---|
| യദുകൃഷ്ണ മനോജ് | 12500 | 545/02.02.23 | 28500 | 24500 | 4000 |
| ലിബിൻ സ്കറിയ | 12500 | 545/07.02.23 | 28500 | 24500 | 4000 |
| ജിബിൻ സ്കറിയ | 12500 | 550/02.02.23 | 28500 | 24500 | 4000 |

ഗുണഭോക്താക്കൾക്ക് അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/തീ. 30.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പ് തുക തുടർ വർഷത്തെ സ്കോളർഷിപ്പ് തുകയിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 അനുപൂരക പോഷകാഹാര വിതരണം - ന്യൂട്രിമിക്സ് വിതരണത്തിന് ജി.എസ്.ടി. അനുവദിച്ചു

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണത്തിന് ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ ഓജസ് ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി ജി.എസ്.ടി. സഹിതം തുക അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് വിവരം

| | |
|---|---|
| പ്രോജക്ട് നം., പേര് | 25/2023, അംഗൻവാടി പോഷകാഹാര വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

| | |
|---|---|
| അടങ്കൽ തുക, ഫണ്ടിനം | ₹20,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് തുക | ₹20,00,000/- |

ബി) ചെലവ് വിവരം

| ക്രമ നം. | ബിൽ നമ്പർ/തീയതി/ തുക (₹) | ഇൻവോയ്സ നം./ തിയതി | കിലോ ഗ്രാം X വില 73.5/കി.ഗ്രാം = തുക (₹) | നൽകാവുന്ന തുക | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1 | 5060201101220007/ 20.10.2022/₹6,27,123 | 106/ 15.07.2022 | 1701x73.50=125023 | 1701x70.00=119070 | 5953 |
| | | 119/ 30.08.2022 | 1443x73.50=106060 | 1443x70.00=101010 | 5050 |
| | | 131/ 30.09.2022 | 1425x73.50= 104737 | 1425x70.00= 99750 | 4987 |
| 2 | 5060201101220013/ 14.02.2022/₹6,07,867 | 154/ 25.11.2022 | 1398x73.50= 102753 | 1398x70.00= 97860 | 4893 |
| | | 169/ 30.12.2023 | 1638x73.50= 120393 | 1638x70.00= 114660 | 5733 |
| 3 | 5060201101220014/ 23.02.2023/₹2,12,121 | 185/ 08.02.2023 | 2886x73.50=212121 | 2886x70.00=202020 | 10101 |
| ആകെ | | | | | 36717 |

തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പിന്റെ 25.05.2018ലെ സർക്കാർ ഉത്തരവ് (സാ.ധാ)നം. 1450/2018/ത.സ്വ.ഭ.വ. പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വില 5% ജി.എസ്.റ്റി. ഉൾപ്പെടെ ₹73.50/-യാണ്. കേന്ദ്ര സർക്കാർ സർക്കുലർ നം.149/05/2021/ജി.എസ്.ടി./തീ. 17-06-21 പ്രകാരം അംഗൻവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭക്ഷണവിതരണ സേവനങ്ങളെ ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഓജസ് ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് ₹70/- നിരക്കിന് പകരം ₹73.50 നിരക്ക് നല്കിയത് മൂലം ജി.എസ്.ടി ഇനത്തിൽ അധികം നല്കിയ തുക ₹36,717/- തിരികെ ഈടാക്കുകയോ തുടർ വർഷത്തെ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-28 ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റ പണി - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നം | 78/23 |
| പദ്ധതി അടങ്കൽ | ₹50000/- |
| പദ്ധതി ചെലവ് | ബിൽ നം. 22101252013001521757/28.03.23 |

പാണ്ടിപ്പാറ, തങ്കമണി പ്രദേശങ്ങളിലെ 7 ഹൈമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റ പണി നടത്തി പ്രവർത്തന യോഗ്യമാക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നിർവ്വഹണ ചുമതല നൽകിയിരുന്നത്.

*പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.*

1) ടാക്സ് ഇൻവോയ്സ് ബിൽ ലഭ്യമാക്കിയിട്ടില്ല

സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ എസ്റ്റിമേറ്റിൽ 7 ലൈറ്റുകൾ അറ്റകുറ്റ പണി നടത്തുന്നതിനായി ക്വോട്ട് ചെയ്തിരിക്കുന്ന നിരക്ക് ₹49,999/-യാണ്. 2 ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള കരാറാണ് 20.03.2023ൽ ഗ്രാമ പഞ്ചായത്തുമായി ഒപ്പ് വെച്ചിട്ടുള്ളത്. 22.03.2023ൽ സ്ഥാപനം

പൂർത്തീകരണ വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ടാക്സ് ഇൻവോയ്സ് ബിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ടാക്സ് ഇൻവോയ്സ് ബില്ലിന്റെ അഭാവത്തിലാണ് കരാർ സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബി. ജീവനക്കാരുടെ മേൽനോട്ടത്തിലായിരിക്കണം തെരുവ് വിളക്കുകളുടെ പരിപാലന പ്രവൃത്തികൾ നടത്തേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 15.09.2011ലെ 3055/ഡിഎ3/2011 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി.-യിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല

2. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 17.08.2015ലെ ജി2-44274/2015 നമ്പർ സർക്കുലർ അനുസരിച്ച് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നിരീക്ഷിക്കുന്നതിനായി ഒരു മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ എണ്ണം, സ്ഥാപിച്ച വർഷം, അറ്റകുറ്റ പണികൾ എന്നിവ സംബന്ധിച്ച വിവരങ്ങളടങ്ങുന്ന സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ വാറന്റി പീരിയഡിനുള്ളിലാണോ ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റ പണികൾക്ക് തുക ചെലവഴിച്ചിരിക്കുന്നതെന്ന വസ്തുതയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീ. 01.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹49,999/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 കൊച്ചു കാമാക്ഷി കുഴിക്കാട്ട് കുടിവെള്ള പദ്ധതി - കുളം നിർമ്മാണം പൂർത്തിയാക്കാതെ പമ്പിംഗ് മെയിൻ പൈപ്പ് സ്ഥാപിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം. | 13/23 |
| പദ്ധതി അടങ്കൽ | ₹189828/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. ഷാജി ജോസഫ് |
| അളവ് ബുക്ക് | 51053/2022 |
| പദ്ധതി ചെലവ് | വൗച്ചർ നം. 22000982/തീ. 30.03.2023, ₹183194/- |

5000 ലിറ്റർ പി.വി.സി. വാട്ടർ ടാങ്ക്, 512 മീറ്റർ നീളത്തിൽ HDPE പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾക്കായി നടപ്പാക്കിയ പദ്ധതിയാണിത്. സ്വാമിനാഥൻ ഫൗണ്ടേഷൻ മുഖേന ജല സ്രോതസ്സിനായുള്ള കുളം നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. മോട്ടോർ, വിതരണ ലൈനുകൾ എന്നിവ ഗുണഭോക്താക്കൾ വഴി നടപ്പിലാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കുളം നിർമ്മാണം നാളിതുവരെയും പൂർത്തിയാകാതെ മുടങ്ങി കിടക്കുന്ന അവസ്ഥയിലാണ്. കുളം നിർമ്മാണം പാതി വഴിയിൽ നിന്നു പോയ സാഹചര്യത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച മുഴുവൻ തുകയും പാഴായി പോകുന്ന അവസ്ഥയാണുള്ളത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/തീ. 01.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുളം നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനും കുടിവെള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിനും തുടർ നടപടികൾ

സ്വീകരിക്കേണ്ടതാണ്. പദ്ധതി പ്രവർത്തന ക്ഷമമല്ലാത്തതിനാൽ ₹1,89,828/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 375000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 375000 | - |
| | 2022-23 | 1000000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (97/23) | 1000000 | - |
| | 2022-23 | 25000 | ആശ്രയ പദ്ധതി (69/23) | 25000 | - |
| | 2022-23 | 300000 | ലൈഫ് ഭവനപദ്ധതി (87/23) | 300000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 40000 | സുവർണ്ണ ഭവനം (204/23) | 40000 | - |
| | 2022-23 | 1500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (97/23) | 1500000 | - |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 86100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 86100 | - |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല -

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹19,93,590/- വരവുണ്ട്. പഞ്ചായത്തിന്റെ ലഭ്യമാക്കിയ വായ്പ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക, മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട്, എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള ജവഹർ ഭവന പദ്ധതി വായ്പയുടെ മുന്നിരിപ്പിൽ പൊരുത്തക്കേടുണ്ട്. ലൈഫ് ഭവന പദ്ധതി വായ്പയ്ക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വായ്പ വരവ്, തിരിച്ചടവ് നീക്കിയിരിപ്പുകൾ താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വാർഷിക കണക്ക് പ്രകാരം എടുത്ത വായ്പ തുക ₹ | ആകെ അടയ്ക്കാനുള്ള വായ്പ തുക ₹ | വാർഷിക കണക്ക് പ്രകാരം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ₹ |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | ജി.ഒ(ആർ.റ്റി) 2808/2016/ ത.സ്വ.ഭ.വ തീ. 04.10.2016 | 15000000 | 8855767 | - | 8855767 | 2845000 | 6010767 |
| ലൈഫ് മിഷൻ | സ.ഉ.(എം.എസ്.) നം.68/2018/ ത.സ്വ.ഭ.വ. തീ.18.05.2018 | 10942561 | 6979101 | 1993590 | 8972691 | 680759 | 8291932 |

## 4-5 സ്ഥിര നിക്ഷേപം

– ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല -

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം- വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ-പദ്ധതി ₹49728/- | - |
| പ്രവർത്തനാവലോകനം | പ്രത്യേക റിപ്പോർട്ട് | 2012-13 | 3-4 | തൊഴിലുറപ്പ് പ്രവർത്തനാവലോകനം | - |
| വിഷയാധിഷ്ഠിത അവലോകനം | പ്രത്യേക റിപ്പോർട്ട് | 2014-15 | അനുബന്ധം-4 | വിഷയാധിഷ്ഠിത അവലോകനം – മൃഗസംരക്ഷണം | - |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | - |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് നടപടി വിവരങ്ങൾ

| | | | | ചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | 2002-03 | 2.7 | പി.കെ. ശ്രീധരൻ നമ്പൂതിരി, സെക്രട്ടറി | LF-2365/Spl. Cell/SC2/07 Dt.29.09.2008 | 9651 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9651 | |

സർചാർജ്ജ് നടപടി വിവരങ്ങൾ

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നം./തീയതി | തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യു റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക(₹) തീയതി | (ഉൾ പ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവ ശേഷി ക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | **13** |
| 1 | 1998-99 | 19(1) | എം. എൻ. സന്തോഷ്, LDC | LF-19013/ Spl.Cell/ SC2/07 Dt.12.02.08 | 1621 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1621 | |
| 2 | 1998-99 | 19(2) | എം. എൻ. സന്തോഷ്, LDC | LF-19013/ Spl.Cell/ SC2/07 Dt.12.02.08 | 246 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 246 | |
| 3 | 2000-01 | 26 | സെക്രട്ടറി | LF 11728/ Sp.cell (Sc2)/05 Dt.16.08.05 | 534 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 534 | |
| 4 | 2000-01 | 27 | രാജൻ വർഗീസ്, സെക്രട്ടറി | LF-11728/ Spl.Cell/ SC2/05 Dt.16.08.05 | 389 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 389 | |
| 5 | 2000-01 | 30 | പി.കെ. ശ്രീധരൻ നമ്പൂതിരി, സെക്രട്ടറി | LF-11728/ Spl.Cell/ SC2/06 Dt.23.03.06 | 3360 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3360 | |
| 6 | 2000-01 | 32 | പി.കെ. ശ്രീധരൻ നമ്പൂതിരി, സെക്രട്ടറി | LF 11728/ Sp.cell (Sc2)/05 Dt.16.08.05 | 22300 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 22300 | |
| 7 | 2000-01 | 36 | രാജൻ വർഗീസ്, സെക്രട്ടറി | LF-05/ Spl. Cell/ SC2/05 Dt.23.03.06 | 5000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5000 | |
| 8 | 2004-05 | 3.4 | എൻ. ഇബ്രാഹിംകുട്ടി, കൃഷി ഓഫീസർ | LF-19126/ Spl. Cell/ SC2/09 Dt.04.12.10 | 2850 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2850 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹18369462 |
| വരവ് | ₹40123723 |
| ആകെ | ₹58493185 |

| | |
|---|---|
| ചെലവ് | ₹30491631 |
| നീക്കിയിരിപ്പ് | ₹28001554 |
| [കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 ലെ റെസിപ്റ്റ് & പെയ്മന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്] | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1954347 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 25,000 | ശ്രീ. സോജി തോമസ്, കൃഷി ഓഫീസർ |
| 1-22 | 25,800<br>12,90,000 | ശ്രീ. സോജി തോമസ്, കൃഷി ഓഫീസർ |
| 1-23 | 2,40,500 | ശ്രീ. സോജി തോമസ്, കൃഷി ഓഫീസർ |
| 1-24 | 33220 | ശ്രീ. വിനീത് സി.എ., ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-25 | 100000 | ശ്രീമതി. നിജാമോൾ എം.ജി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-28 | 49999 | ശ്രീ. വിജയൻ എം., ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-29 | 189828 | ശ്രീമതി. ഗീതു മരിയ ജോസഫ്, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിനീത് സി. എ.<br>ഡയറി ഫാം ഇൻസ്ട്രക്ടർ | | ചെമ്പാപ്പിള്ളി വീട്,<br>കണ്ടശ്ശാൻകടവ് പി.ഒ.<br>കാരമുക്ക്, തൃശ്ശൂർ-680613 |
| ശ്രീ. സോജി തോമസ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കാമാക്ഷി ഗ്രാമപഞ്ചായത്ത് | തുടിയൻപ്ലാക്കൽ,<br>ഇരട്ടയാർ (പി.ഒ),<br>ഇടുക്കി ജില്ല |
| ശ്രീ. എം. വിജയൻ<br>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | | ഗ്രീൻവില്ല,ഇത്തറ നഗർ,<br>കന്യാകുളങ്ങര, |

| | | |
|---|---|---|
| | | വെമ്പായം പി.ഒ-695615 |
| ശ്രീമതി. ഗീതു മരിയ ജോസഫ് അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, കാമാക്ഷി ഗ്രാമ പഞ്ചായത്ത് | വടക്കേടത്ത് വീട് പൂപ്പാറ പി.ഒ, പൂപ്പാറ, ഇടുക്കി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കാണിച്ചിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 2006-07 | എൽ.എഫ്.ഐ-13/902/15/ 08.09.2015 | 01 | 3-3 |
| 2012-13 | എൽ.എഫ്.ഐ-13/1331/14/ 03.02.2015 | 01 | 2-2 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-13/329/17/ 20.04.2017 | 05 | 2-1, 3-3, 3-4, 3-5, 3-6 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-13/1545/17/05.12.17 | 01 | 2-2 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-13/1226/18/ 19.11.2018 | 8 | 2-2, 2-3, 3-2, 3-4, 3-5, 3-6, 3-8, 3-9 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-11/345/2021 തീയതി : 17/04/2021 | 9 | 1-9, 1-10, 1-12, 1-14, 1-16, 1-21, 4-8, 4-9, 4-11 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-11/1011/2021 തീയതി : 15.12.2021 | 10 | 1-9-1(4), 1-9-4, 1-9-5, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-18 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ-പി 5/14/2023 തീയതി : 17.03.2023 | 11 | 1-9, 1-13, 1-17, 1-19, 1-20, 1-21, 1-23, 1-24, 4-8, 4-9, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 06-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kamakshy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kamakshy Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Kamakshy Grama Panchayat for the Year 2022-2023 .**

**1.Major Observations**

1) All Mandatory financial statements prescribed in accounting rules are not submitted for audit.

**2.Other Observations**

1) Cash flow statement, Net increase/decrease in cash flow doesnot match with the difference between the opening balance and closing balance of cash and cash equivalents.

2) Monthly bank reconciliation statement not prepared.

3) Registers viz., advance register, deposit register, stock register, arrear demand registers etc., are not maintained correctly and does not match with financial statements.

4) Demand registers are not periodically reconciled with accounts.

5) Grant liability amount shown as liability in balance sheet does not match with Bank account opened for the specified grant account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്